ക്രമ നമ്പർ	വിശദാംശം	യൂണിറ്റ്	ആകെ	പൂർത്തീകരിച്ചത്	പൂർത്തീകരിച്ച പ്രവൃത്തി ശതമാനത്തിൽ
1	നാലുവരിപ്പാതാ നിർമ്മാണം	കി.മീ	53.885	48.00	89.07
2	ബോക്സ് കൾവർട്ട്	നമ്പർ	135	135	100
3	പൈപ്പ് കൾവർട്ട്	നമ്പർ	58	58	100
4	മൈനർ ബ്രിഡ്ജ്	നമ്പർ	12	12	100
5	മേജർ ബ്രിഡ്ജ്	നമ്പർ	2	2	100
6	വെഹിക്കുലർ അണ്ടർ പാസ്സ്	നമ്പർ	7	7	100
7	പാസഞ്ചർ അണ്ടർ പാസ്സ്	നമ്പർ	4	4	100
8	ഫ്ലൈ ഓവർ	നമ്പർ	1	1	100

നിലവിൽ മൊത്തം പദ്ധതിയുടെ 94% ത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികൾ കൂടി ഉദ്ദേശിച്ച കാലാവധിയ്ക്കു മുമ്പുതന്നെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

286 (1320) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പണിപൂർത്തിയായ പാറക്കടവ് പാലത്തിനുള്ള ഭരണാനുമതിയിൽ അപ്രോച്ച് റോഡ് കൂടി ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 4-3-2011-ന് പ്രസ്തുത പാറക്കടവ് പാലത്തിന്റെ പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം 4-1-2013 -ന് മാത്രമാണ് റവന്യൂ അധികാരികളിൽനിന്നും പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരന്റെ ആവശ്യപ്രകാരം 15-11-2012-ന് ടിയാന്റെ കരാർ അവസാനിപ്പിച്ചിരുന്നു.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

പാലക്കാട് - ഷൊർണ്ണൂർ കെ.എസ്.റ്റി.പി.റോഡ്

287 (1321) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-ഷൊർണ്ണൂർ കെ.എസ്.റ്റി.പി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിച്ചത് ; എത്ര തുക ചെലവഴിച്ചു ; റോഡിന്റെ ഉണനിലവാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റോഡിൽ ഒറ്റപ്പാലം ടൗണിനോട് ചേർന്നുകിടക്കുന്ന ഒറ്റപ്പാലം പാലത്തിന്റെയും കുന്നിയംപുറം തോട്ടുപാലത്തിന്റെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലങ്ങളുടെ വീതിക്കുട്ടി പുനർനിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട്-ഷൊർണ്ണൂർ കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.റ്റി.പി) റോഡിന്റെ നിർമ്മാണ പ്രവൃത്തി 28-2-2012-ലാണ് പൂർത്തീകരിച്ചത്. പാലക്കാട് - ഷൊർണ്ണൂർ റോഡിനും പുണ്ടൽ-കുറ്റിപ്പുറം റോഡിനുംകൂടി ആകെ 175.69 കോടി

LIBRARY ARCHIVES Kerala Legislative Assembly